**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6527** **11-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക യന്ത്രവത്ക്കരണം സാധ്യമാക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ വി ജോയി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കാർഷിക യന്ത്രവത്ക്കരണം സാധ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ 99 കാർഷിക സേവന കേന്ദ്രങ്ങളും, 368 കാർഷിക കർമ്മ സേനകളും, 14 കസ്റ്റം ഹയറിങ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഇവയിലൂടെ കാർഷിക യന്ത്ര സേവനങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കാനൈസേഷൻ (SMAM) എന്ന പദ്ധതിയിലൂടെ 40 മുതൽ 60 ശതമാനം സബ്സിഡിയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കും 40 മുതൽ 80 ശതമാനം എന്നീ സബ്സിഡി നിരക്കിൽ ഗ്രൂപ്പുകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കേരളത്തിൽ കാർഷിക യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ട്രാക്ടർ, പവർടില്ലർ, വിവിധ കാർഷിക യന്ത്രങ്ങൾ, സസ്യ സംരക്ഷണ ഉപകരണങ്ങൾ എന്നിവയ്ക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ധനസഹായം നൽകുന്നുണ്ട്. |
| (ബി) | ഈ മേഖലയിൽ 2020-21 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (ബി) | 2020-2021 സാമ്പത്തിക വർഷത്തിൽ വിവിധ കാർഷിക യന്ത്രവത്ക്കരണ പദ്ധതികൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. i. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്ന പദ്ധതിയിലൂടെ കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുവാനായി സബ്സിഡി ഇനത്തിൽ 80.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ii. കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനയുടെയും ഏകോപനത്തിനായി രൂപവൽക്കരിച്ച കാർഷിക യന്ത്രവത്ക്കരണ മിഷന് വേണ്ടി 1.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. iii. സംസ്ഥാന |

| | | | |
|---|---|---|---|
| | | | ഹോർട്ടികൾച്ചർ മിഷൻ 6.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ പ്രവർത്തനങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (ഡി) | കാർഷിക മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും പുത്തൻ ഉണർവ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | കാർഷിക മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും പുത്തൻ ഉണർവ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധം - II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

## കാർഷിക യന്ത്രവത്ക്കരണ മിഷന്റെ പ്രവർത്തനങ്ങൾ

സംസ്ഥാനത്തുടനീളമുള്ള കാർഷിക കർമ്മ സേനകളുടെയും, കാർഷിക സേവന കേന്ദ്രങ്ങളുടെയും, കസ്റ്റം ഹയറിങ് സെന്ററുകളുടെയും കാർഷിക യന്ത്രങ്ങൾ ഉൾപ്പടെയുള്ള ഭൗതിക സാമ്പത്തിക വിഭവശേഷിയുടെ നിജസ്ഥിതി കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷനാണ് തയ്യാറാക്കുന്നത്. കാർഷിക കർമ്മ സേനകളുടെയും കാർഷിക സേവന കേന്ദ്രങ്ങളുടെയും കസ്റ്റം ഹയറിങ് സെന്ററുകളുടെയും നിലവിലുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തി ഇവയിൽ പ്രവർത്തനക്ഷമമായവ, പ്രവർത്തനക്ഷമമല്ലാത്തവ, അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കാവുന്നവ, പൂർണ്ണമായും നീക്കം ചെയ്യേണ്ടുന്നവ, ഉപയോഗമില്ലാത്ത സ്ഥലത്തുനിന്നും ഉപയോഗമുള്ള സ്ഥലത്തേക്ക് മാറ്റേണ്ടവ എന്നിവയുടെ കണക്ക് തയ്യാറാക്കിയിട്ടുണ്ട്. അറ്റകുറ്റ പണി നടത്തേണ്ടുന്ന കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി നടത്തുവാൻ വേണ്ടി 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' എന്ന കർമ്മപരിപാടി സംഘടിപ്പിച്ച് ജില്ലാടിസ്ഥാനത്തിൽ ഒരു പ്രത്യേക കാർഷിക സേന (കാർഷിക യന്ത്ര കിരണ സേന) രൂപികരിച്ചിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായി ജില്ലാടിസ്ഥാനത്തിൽ കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി - പ്രവർത്തനം സംബന്ധിച്ച പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് 724 ലക്ഷം രൂപയുടെ 1057 കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി തീർത്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ 18 ട്രാക്ടറുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. നാലാം ഘട്ടത്തിൽ ജില്ലകൾ തോറും ക്യാമ്പുചെയ്ത് കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടേയും ബാക്കിയുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചുവരുന്നു. കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടേയും സംഘാടനം, പ്രവർത്തനം എന്നിവ നിഷ്കർഷിക്കുന്ന മാർഗ രേഖ (മാന്വൽ) തയ്യാറാക്കി, ഇവയുടെ പ്രവർത്തനം നിരീക്ഷിച്ചു വരുന്നു. കാർഷിക സേവന കേന്ദ്രങ്ങളും, കാർഷിക കർമ്മ സേനകളും സ്വാശ്രയമായി പ്രവർത്തിക്കുന്നതിന് വേണ്ടി ഓരോ കേന്ദ്രങ്ങളും അവരുടെ കർമ്മ പരിപാടി (ബിസിനസ് പ്ലാൻ) തയ്യാറാക്കി നടപ്പിലാക്കുന്നതിന് വേണ്ടുന്ന മാർഗ രേഖകളും, നിർദ്ദേശങ്ങളും നൽകി വരുന്നു.

കാർഷിക സേവന കേന്ദ്രങ്ങളിലെയും കാർഷിക കർമ്മ സേനകളിലെയും വിവിധ കാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തി ഇതിനു വേണ്ടുന്ന സേവനദായകർക്കു വിദഗ്ധ പരിശീലനം നൽകി നൈപുണ്യപ്പെടുത്തുന്നതിനു മിഷൻ നിർദ്ദേശം നൽകി വരുന്നു. കേരള സംസ്ഥാനത്തിലുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തി പഞ്ചായത്തടിസ്ഥാനത്തിൽ കൃഷിഭവനു കീഴിൽ ഒരു 'രജിസ്റ്റി' തയ്യാറാക്കുന്നതിന് വേണ്ടുന്ന നടപടികളുമായി മുന്നോട്ടുപോകുന്നു.

കേരള പുനർനിർമ്മാണ പദ്ധതിയിയിൽ ഉൾപ്പെടുത്തി 'മലബാർ കാർഷിക മേഖലയിലെ കർഷകർക്ക് ദൈനംദിന കാർഷിക പ്രവർത്തന സേവനം ഉറപ്പ് വരുത്തുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും ശാക്തീകരണത്തിനുള്ള സഹായം' എന്ന പദ്ധതി മിഷനാണ് നടപ്പിലാക്കിയത്. ഈ പദ്ധതി മൂലം തരിശു നിലങ്ങൾ കൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിന് ആവശ്യമായ അത്യാധുനിക കാർഷിക യന്ത്രങ്ങൾ,

കോഴിക്കോട് ജില്ലയിലെ കൂത്താളിയിൽ ആരംഭിച്ചിട്ടുള്ള "കാർഷിക യന്ത്ര സംരക്ഷണ കേന്ദ്രത്തിൽ" നിന്നും ലഭ്യമാക്കികൊണ്ടിരിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 'മലബാർ പ്രത്യേക കാർഷിക ദൗത്യ സേന' എന്ന പേരിൽ കോഴിക്കോട് ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങളിലെയും കാർഷിക കർമ്മ സേനകളിലെയും 85 സേവനദായകർക്ക് 30 ദിവസത്തെ പരിശീലനം നൽകി നൈപുണ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലയിലെ 76 ITI/ITC ബിരുദധാരികൾക്ക് കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനം, സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെ പരിശീലനം നൽകി വിന്യസിച്ചിട്ടുണ്ട്.

കേരളത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിതമായ കാർഷികസേവനകേന്ദ്രങ്ങളുടെയും, പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കാർഷിക കർമ്മസേനകളുടെയും, ജില്ലാടിസ്ഥാനത്തിലുള്ള കസ്റ്റം ഹയറിങ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സുശക്തമാക്കുന്നതിന് 'കൃഷിശ്രീ' എന്ന പ്രസ്ഥാനം കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു.

**അനുബന്ധം - II**

## കാർഷിക മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും പുത്തൻ ഉണർവ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്ക് പുറമെ സുഗന്ധവിളകൾ പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും, ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികളും, കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും, കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതിയും, കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കുന്നു.

കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടു അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായി സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കി. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണ, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശു നില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോത്സാഹനം, ഒരു കോടി ഫല വൃക്ഷതൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കി വരുന്നു.

വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനും, യുവാക്കളെയും മറ്റു സംരംഭകരേയും ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായും, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് സംഭരണ സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാനുള്ള സൗകര്യം സഹകരണ വകുപ്പിന്റെ സഹായത്തോടെ കൃഷി വകുപ്പ് നൽകി വരുന്നുണ്ട്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ടും സംരംഭകർക്ക് സഹായം

നൽകുന്നുണ്ട്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷകകൂട്ടായ്മകൾ എന്നിവ വഴിയും സംരംഭകർക്ക് കാർഷിക മേഖലയിൽ പങ്കാളികളാകാവുന്നതാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയ കൃഷി പാഠശാല എന്ന പദ്ധതി കർഷകർക്കും അതോടൊപ്പം കൃഷിയിൽ താല്പര്യമുള്ള എല്ലാ വിഭാഗക്കാർക്കും കോവിഡ് പ്രതിസന്ധി നിലനിൽക്കുന്ന അവസരത്തിലും കൃഷിയെ കുറിച്ചും, നൂതന കൃഷി രീതികളെ കുറിച്ചും പഠിക്കുവാനും അവബോധം സൃഷ്ടിക്കുവാനും കഴിഞ്ഞു. ഓൺലൈൻ മുഖേനയും അല്ലാതെയും നടത്തിയ ഈ പരിശീലനങ്ങൾ കൂടുതൽ പേർക്ക് ഉപകാരപ്രദമാകാനും, ജനങ്ങളിൽ മികച്ച പ്രതികരണം ഉണ്ടാക്കുവാനും സഹായിച്ചു. ഈ പരിശീലന പരിപാടികൾക്ക് ബ്ലോക്ക് തലത്തിൽ സ്ഥാപിച്ച ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരും മറ്റു വിദഗ്ധരും സഹായം നൽകി.

ഇപ്രകാരം കർഷകർക്ക് യഥാസമയം വിവിധ സഹായങ്ങൾ നൽകുകയും പുതിയ പദ്ധതികൾ ആവിഷ്കരിച്ചും ശാസ്ത്രീയാടിസ്ഥാനത്തിൽ പദ്ധതികളുടെ നടത്തിപ്പ് പുനരാവിഷ്കരിച്ചുകൊണ്ടും കാർഷികമേഖലയിൽ പുത്തൻ ഉണർവ്വ് നൽകുവാൻ കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.